ഉത്തരം

(എ&ബി) തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിൽ യാത്രക്കാർക്ക് നടപ്പാതയും മൂത്രപ്പുരയും ഉൾപ്പെടെ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പേ ആന്റ് യൂസ് ടോയ്ലെറ്റ് ക്രമീകരണങ്ങൾ ടെണ്ടറിലൂടെ നടപ്പാക്കിയിട്ടുണ്ട്. തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽ മുമ്പുണ്ടായിരുന്ന മൂത്രപ്പുരയും ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

205(5794) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എത്ര പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി. എത്ര പുതിയ റൂട്ടുകൾ അനുവദിച്ചിട്ടുണ്ട് ;

(സി) ജില്ലയിൽ നിർത്തലാക്കിയ ബസ്സ് റൂട്ടുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5 നോൺ എ.സി. ജൻറം ബസ്സുകൾ ഉൾപ്പടെ 53 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ല

ഡിപ്പോ	RTC	JnNURM	Total
കാസർഗോഡ്	40	3	43
കാഞ്ഞങ്ങാട്	8	2	10
ആകെ	48	5	53

(ബി) കാസർഗോഡ് ഡിപ്പോയിൽനിന്നും 12 പുതിയ സർവ്വീസും കാഞ്ഞങ്ങാട് ഡിപ്പോയിൽനിന്നും 10 പുതിയ സർവ്വീസും (ജൻറം ഉൾപ്പെടെ) ആരംഭിച്ചിട്ടുണ്ട്.

(സി) വരുമാനക്കുറവ് കാരണം 08.00 മണി കാഞ്ഞങ്ങാട് - ബംഗളൂരു സർവ്വീസ് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly